(1919) കാസർഗോഡ് ജില്ലയിലെ സബ്സ്റ്റേഷനുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര 33 കെ.വി. സബ്സ്റ്റേഷനുകൾ ഇക്കൊല്ലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; എവിടെയൊക്കെ;

(ബി) ഇവയുടെ പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പെർമുദെ, ബായാർ, പുത്തിഗെ എന്നിവിടങ്ങളിൽ കൂടി 33 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) താഴെപ്പറയുന്ന 6 എണ്ണം :-

1. അനന്തപുരം
2. കാസർഗോഡ് ഠൗൺ
3. ബദിയഡുക്ക
4. പെർല
5. ബെല്ലൂർ
6. നീലേശ്വരം
7. വെസ്റ്റ് ഇലേരി
8. തൃക്കരിപ്പൂർ

(ബി) 2000-ാമാണ്ട് ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ജോലികൾ നടന്നുവരുന്നു.

(സി) നിലവിലുള്ള പഠനമനുസരിച്ച് കാസർഗോഡ് ജില്ലയിൽ സാദ്ധ്യതയുള്ള എല്ലാ മേഖലകളിലും സബ്സ്റ്റേഷനുകൾക്ക് രൂപം നൽകിക്കഴിഞ്ഞു. മേലിൽ നടത്താനിടയുള്ള പഠനമനുസരിച്ച് പെർമുദെ, ബായാർ, പുത്തിഗെ എന്നീ സ്ഥലങ്ങളിൽ സബ്സ്റ്റേഷനുകൾക്ക് സാദ്ധ്യത കണ്ടാൽ പരിഗണിക്കുന്നതാണ്.

(1925) കാസർഗോഡ് ജില്ലയിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് മുൻഗണനാലിസ്റ്റ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly